# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/92/2018 2018 മെയ് 3

## പത്രക്കുറിപ്പ്

**ബി.എസ്.സി. സൂക്ഷ്മപരിശോധന**

2017 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖകൾ സഹിതം മെയ് 7, 8, 9 തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 226ൽ എത്തിച്ചേരേണ്ടതാണ്.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.ടെക് (കമ്പ്യൂട്ടർ എയ്ഡഡ് സ്ട്രക്ചറൽ എഞ്ചിനീയറിംഗ്) ഏപ്രിൽ/മെയ് 2018 മാസ്റ്റേഴ്സ് തിസിസ് ആന്റ് മാസ്റ്റേഴ്സ് കോംപ്രിഹെൻസീവ് വൈവ (സപ്ലിമെന്ററി) മെയ് 8ന് കറുകുറ്റി എസ്.സി.എം.എസ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നടക്കും.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം വർഷ (ഫൈനൽ) മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ അനാട്ടമി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. കോട്ടയം ഗാന്ധിനഗറിലെ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ അൽമ ജോർജ് ഒന്നാം റാങ്ക് നേടി. സൂക്ഷ്മപരിശോധനയ്ക്ക് മെയ് 16 വരെ അപേക്ഷിക്കാം.

**രക്ഷിതാക്കൾക്ക് പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസിന്റെ ആഭിമുഖ്യത്തിൽ പഠനപ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പഠനകാര്യത്തിൽ ഇടപെടുന്നതിനും ശ്രദ്ധിക്കുന്നതിനുമായി രക്ഷിതാക്കൾക്കായി പ്രത്യേക പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8891402246, 9747871570.

**സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേർണിംഗ് ആന്റ് എക്സ്റ്റൻഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷാ പരിശീലന കോഴ്സിന് മെയ് 18 വരെ സർവ്വകലാശാലാ ഈപേയ് സംവിധാനത്തിലൂടെ 200 രൂപ ഫീസ് അടച്ച് അപേക്ഷിക്കാം. ജൂൺ 2ന് നടക്കുന്ന പ്രവേശന പരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിൽ 60 സീറ്റിലേക്കാണ് പ്രവേശനം. അപേക്ഷാഫോറവും വിശദവിവരങ്ങളും www.dllemgu.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**